പരിപോഷിപ്പിക്കുന്നതിനാണ് ജവഹർലാൽ നെഹ്റു ട്രോപ്പിക്കൽ ബൊട്ടാണിക് ഗാർഡൻ ആൻഡ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന്റെ കൊട്ടുങ്ങല്ലൂർ ഉപകേന്ദ്രം ആരംഭിച്ചത്. കൈതച്ചെടികളുടെ വൻതോതിലുള്ള ഉൽപ്പാദനവും ഹരിത വ്യവസായത്തിനാവശ്യമായ കാർഷിക വിളകളും അലങ്കാര ചെടികളുടെ ഉൽപ്പാദനവുമാണ് ഇതുവഴി ലക്ഷ്യമിട്ടത്. ഇതിനായി സ്ഥാപിച്ച പ്ലാന്റിന്റെ ടിഷ്യൂകൾച്ചർ ലബോറട്ടറിയിൽ വാഴ, കൈത, അലങ്കാര സസ്യങ്ങൾ എന്നിവ ഉൽപ്പാദിപ്പിച്ച് വിപണനം നടത്തുന്നുണ്ട്. എന്നാൽ ഉൽപ്പാദനവും വിപണനവും വൻതോതിൽ വർദ്ധിപ്പിക്കേണ്ടതുണ്ട്. നിലവിലെ പ്രതികൂല സാഹചര്യങ്ങൾ മാറുന്ന മുറയ്ക്ക് ഉപകേന്ദ്രത്തിന്റെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്താൻ കഴിയും.

(2) <u>ഭവന വായ്പാ കുടിശ്ശിക</u>

<u>ശ്രീമതി യു. പ്രതിഭ</u>: സർ, കായംകുളം നഗരസഭ 1998-99, 1999-2000, 2000-2001 വർഷങ്ങളിലായി NSDP (National Slum Development Programme) പദ്ധതി പ്രകാരം 640 ഗുണഭോക്താക്കൾക്ക് വീട് നിർമ്മിക്കുന്നതിനായി 23,700 രൂപ വീതം KURDFC (Kerala Urban & Rural Development Finance Corporation Limited)-ൽ നിന്നും CDS (Community Development Society) കരാർ പ്രകാരം 96 ലക്ഷം രൂപ വായ്പയെടുത്തിരുന്നു. ഈ തുക ഗുണഭോക്താക്കൾ 143 രൂപ വീതം 150 ഗഡുക്കളായി തിരിച്ചടയ്ക്കേണ്ടതായിരുന്നു. നാളിതുവരെ 1,41,19,000 രൂപ KURDFC-ക്ക് നഗരസഭ തിരിച്ചടച്ചിട്ടുണ്ട്. ഇനിയും 92,25,244 രൂപ അടയ്ക്കാനുണ്ടെന്ന് KURDFC നഗരസഭയെ അറിയിച്ചിരിക്കുകയാണ്. വളരെ ദരിദ്രരായ ആളുകളാണ് ഈ വായ്പയുടെ ഗുണഭോക്താക്കളായുള്ളത്. പിന്നീട് വന്നിട്ടുള്ള എല്ലാ ഭവന പദ്ധതികളിലും തുകയൊന്നും തിരിച്ചടയ്ക്കേണ്ടതായി വന്നിട്ടില്ല. ഇനി അടയ്ക്കാനുള്ള തുകയിൽ 29,06,295 രൂപ മുതലും 52,65,821 രൂപ പലിശയും 10,53,164 രൂപ പിഴപലിശയുമാണ്. 204 ഗുണഭോക്താക്കൾ വായ്പ തിരിച്ചടയ്ക്കാനുണ്ട്. അവർക്ക് പലിശയും പിഴ പലിശയുമുൾപ്പെടെയുള്ള തുകയടയ്ക്കാൻ യാതൊരു നിവൃത്തിയുമില്ല. ആയതിനാൽ കുടിശ്ശിക എഴുതിത്തള്ളുന്നതിനും ഗുണഭോക്താക്കൾ ഈടായി നൽകിയിരിക്കുന്ന ആധാരങ്ങൾ തിരികെ നൽകുന്നതിനും നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി (<u>ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ</u>): സർ, നഗരങ്ങളിലെ ചേരിനിവാസികളുടെ അടിസ്ഥാന സൗകര്യങ്ങളായ പാർപ്പിടം, കുടിവെള്ളം, ശുചിത്വ സൗകര്യങ്ങൾ എന്നിവ വർദ്ധിപ്പിക്കുന്നതിന് 1996-ൽ നടപ്പാക്കിയ പദ്ധതിയാണ് ദേശീയ ചേരി വികസന

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

പദ്ധതി. പ്രസ്തുത പദ്ധതി പ്രകാരം കായംകുളം നഗരസഭയിലും ഭവന പുനരധിവാസ പദ്ധതി നടപ്പാക്കിയിട്ടുണ്ട്. ചേരിനിവാസികളായ ഗുണഭോക്താക്കളുടെകൂടി പങ്കാളിത്തത്തോടെ നടപ്പാക്കിയ പദ്ധതിയുടെ ഒരു ഘടകമായ ഭവന പുനരധിവാസത്തിന് കായംകുളം നഗരസഭയിലെ ഗുണഭോക്താക്കൾക്ക് നൽകിയ വായ്പാ തിരിച്ചടവുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട എം.എൽ.എ. സബ്മിഷനിലൂടെ ഉന്നയിച്ച വിഷയം ന്യായവും പരിഗണിക്കപ്പെടേണ്ടതുമാണ്. എന്നാൽ പദ്ധതി നടപ്പാക്കിയ നഗരസഭയുടെകൂടി അഭിപ്രായം പരിഗണിച്ചുമാത്രമേ ഇക്കാര്യത്തിൽ തീരുമാനമെടുക്കാൻ സാധിക്കുകയുള്ളൂ. ഭവന വായ്പാ കുടിശ്ശിക എഴുതിത്തള്ളുന്നത് സംബന്ധിച്ച് കായംകുളം നഗരസഭയിൽനിന്നും പ്രൊപ്പോസൽ ലഭിക്കുന്ന മുറയ്ക്ക് ഇക്കാര്യത്തിൽ തീരുമാനമെടുക്കാവുന്നതാണ്.

## (3) ജനറൽ ആശുപത്രിയുടെ വികസനം

ശ്രീ. വി. കെ. പ്രശാന്ത്: സർ, തിരുവനന്തപുരം നഗരത്തിലെ ഏറ്റവും പ്രധാനപ്പെട്ട ചികിത്സാ കേന്ദ്രമായ ജനറൽ ആശുപത്രിയുമായി ബന്ധപ്പെട്ടാണ് ഞാനിവിടെ സബ്മിഷൻ അവതരിപ്പിക്കുന്നത്. ഓരോ ദിവസവും മൂവായിരത്തിലധികം രോഗികൾ ചികിത്സയ്ക്കെത്തുന്ന ഒരു സ്ഥലമാണിത്. അവിടെ മേജർ, മൈനർ ശസ്ത്രക്രിയകളടക്കം മുപ്പതോളം ശസ്ത്രക്രിയകൾ സ്ഥിരമായി നടക്കുന്നുണ്ട്. കഴിഞ്ഞ ഗവൺമെന്റ് അവിടെ അനുവദിച്ച 143 കോടി രൂപയുടെ കിഫ്ബി വികസന പദ്ധതികൾ എ.എസ്. ഉൾപ്പെടെയുള്ളവ ലഭിച്ച് മുന്നോട്ടുപോകുകയുമാണ്. നിലവിൽ ജനറൽ ആശുപത്രി പരിസരത്ത് നിർമ്മിച്ച മെഡിക്കൽ കോളേജ് കെട്ടിടം ഉപയോഗശൂന്യമായി കിടക്കുകയാണ്. അതിന്റെ മൂന്ന് നിലകൾ ജനറൽ ആശുപത്രിക്ക് വിട്ടുനൽകിയാൽ ഓപ്പറേഷൻ തീയേറ്റർ ആൻഡ് അനസ്തേഷ്യ ടെക്നീഷ്യൻ, ഇ.സി.ജി. ടെക്നീഷ്യൻ, കാത്ത് ലാബ് ടെക്നീഷ്യൻ, എക്കോ ടെക്നീഷ്യൻ, ഡയാലിസിസ് ടെക്നീഷ്യൻ തുടങ്ങിയ പാരാമെഡിക്കൽ കോഴ്സുകൾ ആരംഭിക്കാൻ സാധിക്കും. ഡോക്ടർമാരെയും നഴ്സുമാരെയും സൃഷ്ടിക്കുന്ന നിരവധി സ്ഥാപനങ്ങൾ നമ്മുടെ നാട്ടിലുണ്ട്. എന്നാൽ ഇത്തരം അനുബന്ധ തൊഴിലുകൾ പഠിപ്പിക്കുന്ന ഒരു സ്ഥാപനം അവിടെ വരികയാണെങ്കിൽ എല്ലാവർക്കും അത് ഗുണകരമാകുമെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുകയാണ്.

ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്): സർ, കേരളത്തിലെതന്നെ ഏറ്റവും പഴക്കംചെന്നതും തലസ്ഥാനത്ത് ഏറ്റവും കൂടുതൽ ആളുകൾ ചികിത്സയ്ക്കായി ആശ്രയിക്കുന്നതുമായ തിരുവനന്തപുരം ജനറൽ ആശുപത്രിയിൽ 749 കിടക്കകളാണ് അനുവദിക്കപ്പെട്ടിട്ടുള്ളത്. ദിവസം ശരാശരി